ശ്രീ. ജി. ചന്ദ്രശേഖരപിള്ള : അതിനെക്കുറിച്ച് വീണ്ടും പഠിച്ചാലോചിക്കണമെന്നാണ് സഭയുടെ അഭിപ്രായമെങ്കിൽ ഗവൺമെൻറിനു അതിനു വിരോധമില്ല.

Mr. Chairman : Order, Order. Next question please.

Sri. A. Thanu Pillai : Sir, I wish to know one point. May I know whether hon. Members other than the questioner have a right to put supplementary questions or not? In view of the direction from the Chair for the next question, my point arises for decision. I wish to know whether that is the procedure to be followed hereafter.

Mr. Chairman : There is absolutely no departure from the procedure followed hitherto. In this instance, I feel after having found that there are no more questions to be put, the Chairman has a right to call the next question.

തിരുവിതാംകൂർ നാണയവില

*൪൩. (൨) ശ്രീ. പി. കെ. കുമാരൻ ആചാരി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സഭയെ മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ നാണയം പിൻവലിക്കുന്നതുമൂലം ഈ ഗവൺമെൻറിനു് എത്രലക്ഷം രൂപാ കേന്ദ്രഗവൺമെൻറിൽനിന്നും ലഭിക്കുന്നതാണു്;

(ബി) ഈ ഇനത്തിൽ ഏതെങ്കിലും തുക കേന്ദ്രഗവൺമെൻറിൽനിന്നും കിട്ടിയിട്ടുണ്ടോ?

ഭക്ഷ്യവും ധനകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര) :

(എ) സ്റ്റാക്കിലും ക്രയവിക്രയത്തിലും ഇരിക്കുന്ന നാണയങ്ങളത്രയും ബോംബെയിലുള്ള റിസർവ്വ് ബാങ്കു് ആഫ് ഇൻഡ്യയിൽ അടച്ചുകഴിഞ്ഞാൽ ൧൩.൫൩ ലക്ഷം ഉറുപ്പിക കിട്ടുവാൻ ഗവൺമെൻറിനു അവകാശമുണ്ടു്. ൨ ൪. ൫൩ ലക്ഷം ഉറുപ്പികക്കുള്ള നാണയങ്ങൾ മാത്രമെ ഇതുവരെ ട്രഷറികളിൽ ശേഖരിക്കപ്പെട്ടിട്ടുള്ളൂ.

(ബി) ൫ ഫ, ൦ ൦ ൦ കു. കിട്ടിയിട്ടുണ്ടു്.

ശ്രീ. പി. കെ. കുമാരൻ ആചാരി : നാട്ടിലുള്ള നാണയം പിൻവലിക്കുന്നതിനുള്ള താമസത്തിനു കാരണമെന്താണു്?

ശ്രീ. കെ. എം. കോര : നാണയം പിൻവലിക്കുവാനുള്ള അധികാരം ഇൻഡ്യാ ഗവൺമെണ്ടിനാണു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : നാണയം പിൻവലിക്കുന്നതായാൽ തിരു–കൊച്ചി ഗവൺമെൻറിനു എന്തു നഷ്ടം വരും?

ശ്രീ. കെ. എം. കോര : ഒരു നഷ്ടവും ഇല്ല. അതു കളക്ടു് ചെയ്യുന്നതിനുള്ള ചിലവും നമുക്കു കിട്ടുന്നുണ്ടു്.

Sri. P. Balakrishnan Tampi : May I know whether they would sell these coins to private collectors interested in numismatics?

ശ്രീ. കെ. എം. കോര : ചില്ലറയായിട്ടു എടുക്കുന്നുണ്ടു്.

ശ്രീ. എ. കെ. പാപ്പുപിള്ള : ഒരു കൊല്ലത്തിനകം ഇവിടത്തെ നാണയം പിൻവലിക്കുന്നതാണെന്നു ഇതിനുമുമ്പു് ഒരു നോട്ടിഫിക്കേഷൻ ഉണ്ടായിരുന്നോ?

ശ്രീ. കെ. എം. കോര : ഇൻഡ്യൻ ഭരണഘടന പാസായതിനുശേഷം രണ്ടു കൊല്ലത്തിനകം നാണയം പിൻവലിച്ചാൽമതിയെന്നാണു് പറഞ്ഞിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly